**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2013** **16-03-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം -ലൈറ്റ് മെട്രോ ബഹു. കേരള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | തലസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ആയത് ലഭിക്കുന്നതിലേക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ 2015 സെപ്റ്റംബറിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതിയുടെ ഡി.പി.ആറും വിശദാംശങ്ങളും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ പുതുക്കുകയും 2021 ഫെബ്രുവരിയിൽ ഇതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് എത്രയും വേഗം അംഗീകാരം ലഭ്യമാക്കണമെന്ന് കേന്ദ്രനഗരകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന എസ്.പി.വി ആണ് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തിവന്നിട്ടുള്ളത്. എന്നാൽ ഒരു സംസ്ഥാനത്തിന് ഒരു മെട്രോ സ്ഥാപനം എന്ന കേന്ദ്രനഗരകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശം കണക്കിലെടുത്ത് KRTL-നെ കൊച്ചി മെട്രോയുമായി (KMRL) ലയിപ്പിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഡി.പി.ആർ കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; ആയത് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ 2015 സെപ്റ്റംബറിൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതിയുടെ ഡി.പി.ആറും വിശദാംശങ്ങളും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ |

| | | | |
|---|---|---|---|
| | | | ഡി.പി.ആർ പുതുക്കുകയും 2021 ഫെബ്രുവരിയിൽ ഇതിനുള്ള പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് എത്രയും വേഗം അംഗീകാരം ലഭ്യമാക്കണമെന്ന് കേന്ദ്രനഗരകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) എന്ന എസ്.പി.വി ആണ് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തിവന്നിട്ടുള്ളത്. എന്നാൽ ഒരു സംസ്ഥാനത്തിന് ഒരു മെട്രോ സ്ഥാപനം എന്ന കേന്ദ്രനഗരകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശം കണക്കിലെടുത്ത് KRTL-നെ കൊച്ചി മെട്രോയുമായി (KMRL) ലയിപ്പിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (സി) | ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ; ഇതിനോടനുബന്ധിച്ചുള്ള മേൽപ്പാലങ്ങളുടെ അവസ്ഥ വിശദീകരിക്കാമോ; | (സി) | 2017 ആഗസ്റ്റിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ പുതുക്കി സമർപ്പിച്ചത് ഡി.എം.ആർ.സി-യാണ്. ശ്രീകാര്യം, പട്ടം മേൽപ്പാലങ്ങൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഉള്ളൂർ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം, ഉള്ളൂർ, പട്ടം മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ഡി) | 2017 ആഗസ്റ്റിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ പുതുക്കി സമർപ്പിച്ചത് ഡി.എം.ആർ.സി-യാണ്. ശ്രീകാര്യം, പട്ടം മേൽപ്പാലങ്ങൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഉള്ളൂർ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| (ഇ) | ശ്രീകാര്യം മേൽപ്പാലവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പിലെ രജിസ്ട്രേഷൻ നടപടികളിലെ അവ്യക്തത വിശദീകരിക്കാമോ; ഇത് സംബന്ധിച്ചുള്ള രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | രജിസ്ട്രേഷൻ നടപടികളിൽ അവ്യക്തതയില്ല. രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്ന വിഷയം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ